സാഹചര്യവും ഉണ്ടായിട്ടില്ല. വനാവകാശ നിയമം നടപ്പിലാക്കുന്ന കാര്യത്തിൽ നോഡൽ ഏജൻസിയായ പട്ടികവർഗ്ഗ വികസന വകുപ്പ്, റവന്യൂ, വനം വകുപ്പുകളുമായി ഏകോപിച്ച് സത്വര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

• 31-12-2015 വരെ വ്യക്തിഗത അവകാശങ്ങൾക്കായി 35851 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 31460 അപേക്ഷകൾ ഗ്രാമസഭയും, 26767 അപേക്ഷകൾ സബ് ഡിവിഷണൽ സമിതിയും, 25883 അപേക്ഷകൾ ജില്ലാതല സമിതിയും അംഗീകരിച്ച് ആകെ 24898 റ്റൈറ്റിലുകൾ നൽകിയിട്ടുണ്ട്. ആകെ 33073 ഏക്കർ വനഭൂമിക്ക് റ്റൈറ്റിലുകൾ നൽകിയിട്ടുണ്ട്. സാമൂഹിക ആവശ്യങ്ങൾക്കായി ലഭിച്ച 875 അപേക്ഷകളിൽ 146 എണ്ണത്തിന് റ്റൈറ്റിൽ നൽകിയിട്ടുണ്ട്. വികസന ആവശ്യങ്ങൾക്കായി 446 അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുകയും 213 ഏക്കർ വനഭൂമി നൽകുകയും ചെയ്തിട്ടുണ്ട്.

മയക്ക് മരുന്ന് വ്യാപനം തടയുന്നതിന് സ്പെഷ്യൽ ഡ്രൈവ്

21 (*171) ശ്രീ. സി. പി. മുഹമ്മദ് :

• ശ്രീ. എം. എ. വാഹീദ് :

ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മയക്ക്മരുന്ന് വ്യാപനം തടയുന്നതിന് സ്പെഷ്യൽ ഡ്രൈവ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

• (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു):

(എ) സംസ്ഥാനത്ത് മദ്യ, മയക്കുമരുന്ന് വ്യാപനം തടയുന്നതിനായി 2015, ജൂൺ 15 മുതൽ ജൂലൈ 15 വരെ "ഓപ്പറേഷൻ മൺസൂൺ" എന്ന പേരിൽ സ്പെഷ്യൽ ഡ്രൈവ് പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. കൂടാതെ നിലവിൽ മയക്കുമരുന്ന് വ്യാപനം തടയുന്നതിനായി എക്സൈസ് ഷാഡോ സംവിധാനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിലൂടെ എൻഫോഴ്സ്മെന്റ് ശക്തമാക്കിയിട്ടുണ്ട്.

(ബി) മയക്കുമരുന്നുകളുടെ ഉല്പാദനം, വിതരണം, വിപണനം എന്നിവ ഫലപ്രദമായി തടയുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. സമൂഹത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

വർദ്ധിച്ചുവരുന്ന എൻ.ഡി.പി.എസ്. കുറ്റകൃത്യങ്ങൾ തടയുന്നതിനോടൊപ്പംതന്നെ യുവതലമുറയെ മയക്കുമരുന്നിന്റെ നീരാളിപ്പിടുത്തത്തിൽ നിന്ന് രക്ഷപ്പെടുത്തുവാനും സർക്കാർ ഇത്തരം നടപടികളിലൂടെ ലക്ഷ്യമിടുന്നു. നിലവിൽ മയക്കുമരുന്നിന് അടിമപ്പെട്ടവരെ കണ്ടെത്തി ആവശ്യമായ ചികിത്സയും പുനരധിവാസ പദ്ധതികളും നടപ്പിലാക്കി അവരെ സാധാരണ ജീവിതത്തിലേയ്ക്ക് തിരികെ കൊണ്ടുവരുവാനുള്ള പദ്ധതികളും സർക്കാർ രൂപകല്പന ചെയ്തുവരുന്നു.

(സി) മയക്കുമരുന്നുകളുടെ ഉല്പാദനവും, വിതരണവും തടയുന്നതിനായി സംസ്ഥാനത്തെ എല്ലാ എക്സൈസ് ഡിവിഷനുകളിലും ഊർജ്ജിതമായ എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തുന്നുണ്ട്. നിലവിലുള്ള സംവിധാനങ്ങൾക്ക് പുറമെ എല്ലാ ഡിവിഷനുകളിലും രാത്രികാല വാഹന പരിശോധന നടത്തുന്നതിനും പട്രോളിംഗിനുമായി സ്പെക്കിംഗ് ഫോഴ്സുകൾ പ്രവർത്തിക്കുന്നുണ്ട്. പകലും രാത്രിയും വിവിധ എക്സൈസ് പാർട്ടികൾ ദേശീയപാതയിലും മറ്റ് പ്രധാന റോഡുകളിലും വാഹന പരിശോധന നടത്തുന്നുണ്ട്. കേരളത്തിലേയ്ക്ക് മയക്കുമരുന്നുകൾ ചെറുവാഹനങ്ങളിൽ സംസ്ഥാനത്തിന് പുറത്തുനിന്നും കടത്തിക്കൊണ്ടുവരാനുള്ള സാധ്യതകൾ മുന്നിൽ കണ്ട് എല്ലാ ചെക്ക് പോസ്റ്റുകളും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെറുവാഹനങ്ങളും ആഡംബരകാറുകളും ഉൾപ്പെടെ എല്ലാ വാഹനങ്ങളും പരിശോധിക്കുകയും ചെയ്യുന്നു. അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹനപരിശോധന നടത്തുന്നുണ്ട്. കൂടാതെ എക്സൈസ് കമ്മീഷണറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ സ്പെഷ്യൽ സ്ക്വാഡുകളും എക്സൈസ് ഇന്റലിജൻസ് വിഭാഗവും മയക്കുമരുന്നുകളുടെ നിർമ്മാണം, വില്പന എന്നിവ സംബന്ധിച്ച് ഇന്റലിജൻസ് വിവരം ശേഖരിച്ച് അതിന്മേൽ നടപടി എടുത്തുവരുന്നു. താലൂക്ക് തലങ്ങളിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ കീഴിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ചും, ജനകീയ കമ്മിറ്റികൾ യഥാസമയം കൂടിയും, പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികളിന്മേൽ പരിശോധന നടത്തിയും മയക്കുമരുന്നുകളുടെ വില്പനക്കെതിരെ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, സംസ്ഥാനതലത്തിൽ മദ്യ-മയക്കുമരുന്ന് വ്യാപനത്തിനെതിരെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി 2015, ജൂൺ 15 മുതൽ ജൂലൈ 15 വരെ "ഓപ്പറേഷൻ മൺഷൈൻ" എന്ന പേരിൽ സ്പെഷ്യൽ ഡ്രൈവ് പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതാണ്.

മദ്യം, മയക്കുമരുന്ന് എന്നിവയുടെ വ്യാപനത്തിനെതിരെയുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സംസ്ഥാന തലത്തിൽ ഒരു ജോയിന്റ് എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ ബോധവത്കരണ വിഭാഗം രൂപീകരിക്കുകയും ആയത് ഫലപ്രദമായി പ്രവർത്തിച്ചുവരികയും ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സ്കൂൾ/കോളേജ്തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് വിദ്യാർത്ഥികൾക്കിടയിൽ മയക്കുമരുന്നിനെതിരെയുള്ള അവബോധം വളർത്തുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്കൂൾ അദ്ധ്യാപകർക്കായി 'അതിജീവനം' എന്ന കൈപ്പുസ്തകവും ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കായി 'ലഹരി' എന്ന പുസ്തകവും അച്ചടിച്ച് വിതരണം ചെയ്തിട്ടുണ്ട്.

വിലസ്ഥിരതാ പദ്ധതി

22 (*T*172) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. സാജു പോൾ :
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ പ്രതിസന്ധി പരിഹരിക്കാൻ പ്രഖ്യാപിച്ച വിലസ്ഥിരതാ പദ്ധതിയുടെ അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം എന്തായിരുന്നു; അത് നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) പദ്ധതി പ്രകാരം അപേക്ഷ നൽകിയവർക്കെല്ലാം ആനുകൂല്യം വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ അതുസംബന്ധിച്ച വിശദാംശം നൽകാമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി നീക്കിവച്ച തുക എത്രയായിരുന്നു; അതിൽ നാളിതുവരെ എത്ര തുക ചെലവഴിക്കപ്പെട്ടുവെന്ന കണക്ക് ലഭ്യമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി):

(എ) ഉണ്ട്.

(ബി) റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി സർക്കാർ 3-7-2015 ലെ സ.ഉ.(പി) നമ്പർ 269/2015/ധന. പ്രകാരം 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം' നടപ്പിലാക്കി വരികയാണ്. റബ്ബർ ഉല്പാദന പ്രോത്സാഹന പദ്ധതി നടപ്പിലാക്കിയതിലൂടെ റബ്ബറിന്റെ വിലത്തകർച്ചമൂലം കർഷകർ റബ്ബർ കൃഷി ഉപേക്ഷിക്കുന്ന പ്രവണത തടയാൻ കഴിഞ്ഞിട്ടുണ്ട്.

---

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly